**വ്യക്തിപരമായ വിശദീകരണം**

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വാക്കൗട്ട് പ്രസംഗത്തിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവ്, ബഹുമാന്യനായ മണ്ണാർക്കാട് എം.എൽ.എ-യെ ഞാൻ വ്യക്തിപരമായി അധിക്ഷേധിച്ചുവെന്ന് പറയുകയുണ്ടായി. ചട്ടം 288 പ്രകാരം ഇതിന് വ്യക്തിപരമായ വിശദീകരണം നൽകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. അട്ടപ്പാടി കോട്ടത്തറ ആശുപത്രിയുടെ പ്രവർത്തനങ്ങളും അട്ടപ്പാടിയിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും ഇക്കാലയളവിൽ ബഹുമാന്യനായ എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. ഇനിയും അങ്ങനെതന്നെയായിരിക്കും. ഒരംഗത്തെയും വ്യക്തിപരമായി അധിക്ഷേപിക്കുന്നതിന് ഉദ്ദേശിച്ചിട്ടില്ല. അത് എന്റെ രീതിയും സമീപനവുമല്ല. തൊട്ടടുത്ത ദിവസങ്ങളിലാണ് ദേശീയ ഗുണനിലവാര സർട്ടിഫിക്കേഷൻ (NQAS) 90 ശതമാനം സ്കോറോടുകൂടി അട്ടപ്പാടി കോട്ടത്തറ ആശുപത്രിക്ക് ലഭിച്ചത്. അവിടെ നവജാത തീവ്രപരിചരണ വിഭാഗത്തിൽ പുതിയ രണ്ട് വെന്റിലേറ്ററുകളും മറ്റ് പുതിയ ഉപകരണങ്ങളും ഉൾപ്പെടെ 64 ലക്ഷം രൂപയ്ക്ക് ആധുനികവൽക്കരണം ഇപ്പോൾ

നടക്കുകയുണ്ടായി. പീഡിയാട്രിക് ഐ.സി.യു.-വിൽ നാല് പുതിയ വെന്റിലേറ്ററുകളാണ് സ്ഥാപിക്കാൻ പോകുന്നത്. എല്ലാ ഉപകരണങ്ങളും ആശുപത്രിയിൽ എത്തിക്കഴിഞ്ഞു. ഇങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്, അതെല്ലാം ഞാനിവിടെ പറയുന്നില്ല. ഇക്കാര്യങ്ങളെല്ലാം ചെയ്തിട്ടും ചെയ്തില്ല എന്നുപറയുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ആരോഗ്യ വകുപ്പ് ചെയ്യുന്ന ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണണമെന്നുതന്നെയാണ് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത്. അട്ടപ്പാടി സന്ദർശിച്ചപ്പോഴെല്ലാം ആദ്യം വിളിച്ചറിയിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട മണ്ണാർക്കാട് എം.എൽ.എ.-യെ തന്നെയാണ്. അതേ ആദരവോടും സൗഹാർദ്ദത്തോടുംതന്നെയാണ് ഇക്കാര്യം അദ്ദേഹത്തോട് പറഞ്ഞിട്ടുള്ളതെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.